# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1221

1.7.2015 – ൽ മറുപടിയ്ക്ക്

## കയർ വകുപ്പിലെ ഡയറക്ടർ നിയമനം

| ചോദ്യം<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) *കയർ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂളിനും, മാനദണ്ഡങ്ങൾക്കും വിരുദ്ധമായി മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥനെ ഡയറക്ടറായി നിയമനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;* | എ, ബി, & സി<br>കയർ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് കയർ വികസന ഡയറക്ടറെ നിയമിക്കുന്നത് സർക്കാരാണ്. 5.6.2015 ലെ സ.ഉ.(സാധാ) 4203/15/പൊ.ഭ.വ പ്രകാരം ഉന്നത വിദ്യാഭ്യാസ ഡയറക്ടറായ ശ്രീ.കെ.എൻ. സതീഷ് ഐ.എ.എസിന് കയർ വികസന ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ നിലവിലെ കഴിവുള്ളവരും പ്രതിജ്ഞാബദ്ധരുമായ സീനിയർ ഉദ്യോഗസ്ഥർ ഉള്ളപ്പോൾ ഇത്തരത്തിൽ നിയമനം നൽകിയ സാഹചര്യം വിശദമാക്കാമോ; | |
| സി) *നിലവിൽ തെറ്റായി നൽകിയിട്ടുള്ള നിയമനം പുനഃപരിശോധിച്ച് വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടറെ കയർ വകുപ്പിലെ ഡയറക്ടറായി നിയമനം നൽകുമോ;* | |

സെക്ഷൻ ഓഫീസർ